## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 501 — 01/07/2014 ൽ മറുപടിയ്ക്ക്

## സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ കുറവ് പരിഹരിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ. കെ. ശിവദാസൻ നായർ**<br>**ശ്രീ. റ്റി. എൻ. പ്രതാപൻ** | **ശ്രീ. ആര്യാടൻ മുഹമ്മദ്**<br>**ഊർജ്ജ വകുപ്പുമന്ത്രി** |
| (എ) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ കുറവ് പരിഹരിക്കുവാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഇക്കാര്യത്തിൽ കർമ്മ പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ല. ഇതിനായി കേരള വാട്ടർ അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ് കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. ബോർഡിൽ അനുമതിക്കായി സമർപ്പിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്ക് ജല നിയമ പ്രകാരം നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകുകയാണ് ചെയ്യുന്നത്. |
| (ബി) ഇവയുടെ കുറവുമൂലം സംസ്ഥാനത്ത് മലിനീകരണ രംഗത്ത് എന്തെല്ലാം പ്രശ്നങ്ങളാണ് ഉണ്ടാകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജനവാസം കൂടിയ പഞ്ചായത്ത്, ടൗൺ ഷിപ്പുകൾ എന്നിവിടങ്ങളിൽ സീവേജ് ശേഖരിച്ച്, സംസ്കരിച്ച് നിർമ്മാർജനം ചെയ്യുന്നതിനായി പൊതു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഇല്ലാത്തത് കാരണം നമ്മുടെ നദികളിലും ജലാശയങ്ങളിലും കോളിഫോം ബാക്ടീരിയായുടെ അധിക സാന്നിദ്ധ്യവും തന്മൂലമുള്ള മലിനീകരണവും ദോഷഫലങ്ങളും ഉണ്ടാകുന്നുണ്ട്. |

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

(സി) & (ഡി) ഏഷ്യൻ വികസന ബാങ്കിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും ധനസഹായത്തോടെ തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നാല് നഗരസഭകളിലായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, വിതരണ ശൃംഖല എന്നിവ നിർമ്മിക്കാൻ കേരള സുസ്ഥിര നഗര വികസന പദ്ധതി നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | പദ്ധതിച്ചെലവ് (കോടി) | |
|---|---|---|
| | മലിന ജല സംസ്കരണപ്ലാന്റ് | മലിന ജല വാഹക ശൃംഖല |
| തിരുവനന്തപുരം | 75 | 64.86 |
| കൊല്ലം | 17.95 | 60.36 |
| എറണാകുളം | 22.83 | 165.19 |
| കോഴിക്കോട് | 32.35 | 63.85 |

സെക്ഷൻ ഓഫീസർ